**File No.TCPCTP/381/2020-C2**

<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>
<u>തിരുവനന്തപുരം</u>

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - മലപ്പുറം ജില്ല - തിരൂർ നഗരസഭ - തൃക്കണ്ടിയൂർ വില്ലേജ് സ്പെഷ്യൽ റെസിഡൻഷ്യൽ കെട്ടിട നിർമ്മാണം- DTP Scheme കൺകറൻസ് നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തിരൂർ നഗരസഭാ സെക്രട്ടറിയുടെ 7/11/2019 തീയതിയിലെ PW3/240/19 നമ്പർ കത്ത്.
2. മലപ്പുറം ജില്ലാ ടൗൺ പ്ലാനറുടെ 6/2/2020 - ലെ TCPMPM/2335/2019-A3 നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/381/2020 –C2 തീയതി:**05/03/2020**

---

മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭ പരിധിയിലുള്ള തൃക്കണ്ടിയൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 190/4-2, 190/4-3, 190/5, 190/6-4 എന്നിവയിൽ ഉൾപ്പെട്ട 778 ച.മീ വിസ്തീർണ്ണമുള്ള സ്ഥലത്ത് നിലവിലുള്ള കൊമേഴ്സ്യൽ കം സ്പെഷ്യൽ റെസിഡൻഷ്യൽ വിഭാഗത്തിലുള്ളതും G+F+Mezzanine ഫ്ലോറുകൾ ഉള്ളതും 989.55 ച.മീ. വിസ്തീർണ്ണമുള്ളതുമായ നിർമാണത്തിന് മുകളിൽ second floor ആയി സ്പെഷ്യൽ റെസിഡൻഷ്യൽ വിഭാഗത്തിലുള്ള 327.43. ച.മീ. വിസ്തീർണ്ണമുള്ള കെട്ടിട ഭാഗം നിർമ്മിക്കുന്നതിനു Central Area Tirur(Scheme No.1)DTP Scheme പ്രകാരമുള്ള കൺകറൻസ് ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ഷാജു ജോസഫ് & ജോമോൻ ജോസഫ്, ചേർക്കാട്, ആവോലി, എറണാകുളം - ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി അംഗീകൃത ഡി .റ്റി.പി സ്കീം പ്രകാരമുള്ള കൺകറൻസ് നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. നിർമ്മാണം കെ.എം.ബി.ആർ. 1999 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. കെ.എം.ബി.ആർ. 1999 ലെ ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരികതയും ഉടമസ്ഥാവകാശവും പ്രസ്തുത ഭൂമി പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്നും കൂടാതെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ കീഴിൽ വരുന്നതാണോ എന്നും മുനിസിപ്പാലിറ്റി സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. കെ.എം.ബി.ആർ. ചട്ടം 33 പ്രകാരം പ്രസ്തുത സൈറ്റിലേയ്ക്ക് 3.6. മീറ്ററിൽ കുറയാത്ത പ്രവേശന മാർഗ്ഗം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. കെ.എം.ബി.ആർ. ചട്ടം (40.A) ഉം അനുബന്ധ ചട്ടങ്ങളും അനുസരിച്ച് അംഗപരിമിതർക്ക് ആവശ്യമായ റാമ്പ്, ലിഫ്റ്റ്, ടോയ്ലെറ്റ്, പാർക്കിംഗ് എന്നീ സംവിധാനങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
5. ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്ക് ചട്ടം 53 (3) & 53(4) പ്രകാരം അഗ്നിശമന സേനയിൽ നിന്നുള്ള സർട്ടിഫിക്കറ്റും , അഗ്നിസുരക്ഷാ

സംവിധാനങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6. കെ.എം.ബി.ആർ. ചട്ടം 109 (A), 109 (B) പ്രകാരം മഴവെള്ള സംഭരണ സംവിധാനങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
7. കെട്ടിട നമ്പർ നൽകുന്നതിന് മുമ്പ് കെ.എം.ബി.ആർ. ചട്ടം 109 (C) പ്രകാരം സൗരോർജ്ജം ഉപയോഗിച്ചുള്ള ജലതാപന , പ്രകാശന സംവിധാനത്തിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
8. കെ.എം.ബി.ആർ. ചട്ടം (24) പ്രകാരം കെട്ടിടത്തിന് ചുറ്റും ആവശ്യമായ തുറസ്സായ സ്ഥലം ലഭ്യമാണെന്ന് സെക്രട്ടറി പരിശോധിച്ചു ഉറപ്പ് വരുത്തേണ്ടതാണ്.
9. കെ.എം.ബി.ആർ. ചട്ടം (39) പ്രകാരം ഗോവണി കെട്ടിടത്തിൽ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
10. കെ.എം.ബി.ആർ. ചട്ടം (34) പ്രകാരം കാർ പാർക്കിംഗ് സൗകര്യം നൽകിയിട്ടുണ്ടെന്ന് പരിശോധിച്ചു ഉറപ്പു വരുത്തേണ്ടതാണ്.
11. കെ.എം.ബി.ആർ. ചട്ടം (45) പ്രകാരം Exit Width ലഭ്യമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
12. പ്ലാനിൽ കാണിച്ച പ്രകാരം തന്നെയാണ് കെട്ടിടം നിർമിച്ചിട്ടുള്ളതെന്ന് , ഒക്യുപെൻസി സർട്ടഫിക്കറ്റ് നൽകുന്നതിന് മുമ്പ്, സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by JAYASREE P R
Date: 2020.03.0? ?5:03:10 IST
Reason: Approved

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

ഉള്ളടക്കം– ഒരു സെറ്റ് പ്ലാൻ

ടൗൺ പ്ലാനർ, മലപ്പുറം
പകർപ്പ്:-

1. ശ്രീ. ഷാജു ജോസഫ് & ജോമോൻ ജോസഫ്, ചേർക്കാട്, ആവോലി, എറണാകുളം. പിൻ. 686677
2. സെക്രട്ടറി, തിരൂർ നഗരസഭ.
3. വെബ് സൈറ്റ് 4. കരുതൽ ഫയൽ 5. അധികം